# കേരള കാർഷികസർവകലാശാല

## നടപടിക്രമം

കെ.എ.യു - പൊതുഭരണ വിഭാഗം - 16/03/2023 ലെ 610-ാ മത് ഭരണസമിതി തീരുമാന പ്രകാരം സർവകലാശാലയുടെ അധികാരദാന പത്രികയിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ വിഭാഗം**

നം: ജിഎ/ഇ3/5945/23

തീയതി: 27-03-2023

---

സൂചന: 16/03/2023 തിയ്യതിയിലെ 610-ാ മത് ഭരണസമിതി തീരുമാനം (ഇനം നം.17/23).

## ഉത്തരവ്

ഡെലിഗേഷൻ ഓഫ് പവേഴ്സ് താഴെപ്പറയുന്ന പൊതുതത്വങ്ങൾ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് വൈസ്-ചാൻസിലറെ ചുമതലപ്പെടുത്തി 16/03/2023 -ന് ചേർന്ന ഭരണസമിതിയുടെ 610-ാ മത് യോഗം തീരുമാനിച്ചിട്ടുണ്ട്.

1) ഭൗതിക പ്രവർത്തികൾക്കും സേവനങ്ങൾക്കും സാധന സാമഗ്രികൾ വാങ്ങുന്നതിനുമുള്ള ധനകാര്യ ഭരണാനുമതിക്കുള്ള വൈസ്-ചാൻസിലറുടെ അധികാരം നിലവിലെ പ്രത്യേക തോതിൽ നിന്നും 1 കോടി രൂപയായി വർദ്ധിപ്പിക്കുന്നു. നിലവിൽ 5 ലക്ഷം പരിധി നിശ്ചയിച്ച ആവർത്തന ചെലവുകൾ 10 ലക്ഷം രൂപയായി വർധിപ്പിക്കുന്നു. ആവർത്തന ചെലവുകൾ (റവന്യൂ), പ്രത്യേക ഇനങ്ങളുടെ നിജപ്പെടുത്തിയ അധികാരങ്ങൾ എന്നിവ കുറഞ്ഞത് 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നു.

2) രജിസ്ട്രാർ മുതൽ ഡീൻ, ഡയറക്ടേർഴ്സ്, കംപ്ട്രോളർ, ലൈബ്രേറിയൻ തുടങ്ങിയവരുടെ ധനവിനിയോഗം അധികമായി 100 ശതമാനം കണ്ട് വർദ്ധിപ്പിക്കാൻ തീരുമാനിക്കുന്നു. ഡയറക്ടേഴ്സിന് താഴെയുള്ള തലങ്ങളിൽ 50% വർദ്ധിപ്പിക്കാനും തീരുമാനിക്കുന്നു.

3) ജീവനക്കാര്യത്തിൽ അസിസ്റ്റന്റ് പ്രൊഫസർ / സെക്ഷൻ ഓഫീസർ / തത്തുല്യ ശമ്പളസ്കെയിലുള്ള ജീവനക്കാരുടെ ജീവനക്കാര്യം / അച്ചടക്കനടപടികൾ കൈക്കൊള്ളുന്നതുനുള്ള അധികാരം ബന്ധപ്പെട്ട ഓഫീസ് മേലധികാരിയുടെ ശുപാർശ പ്രകാരം അന്തിമ ഉത്തരവാക്കുന്നതിനു രജിസ്ട്രാറെ പൂർണ്ണമായും ചുമതലപ്പെടുത്തുന്നു.

4) രജിസ്ട്രാറുടെ തീരുമാനത്തിന്മേൽ വൈസ്ചാൻസിലർക്കും ഭരണസമിതിക്കും ഒരു അപ്പീൽ വീതം അനുവദനീയമായിരിക്കും.

5) അസോസിയേറ്റ് പ്രൊഫസർ / അസിസ്റ്റന്റ് രജിസ്ട്രാർ / അസിസ്റ്റന്റ് എൻജിനീയർ തത്തുല്യ സ്കെയിലിലുള്ള ജീവനക്കാരുടെ ജീവനക്കാര്യം / അച്ചടക്കനടപടികൾ വൈസ്ചാൻസിലറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

11.01.2017 ലെ 551-ാ മത് ഭരണസമിതി യോഗ തീരുമാനപ്രകാരവും 05.07.2022 ലെ 602-ാ മത് ഭരണസമിതി യോഗ തീരുമാനപ്രകാരവും പ്രാബല്യത്തിൽ വന്ന ഡെലിഗേഷൻ ഓഫ് പവേഴ്സിൽ മേൽപറഞ്ഞ ഭേദഗതികൾ 16.03.2023 മുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ ഭേദഗതികൾ ഉൾപ്പെടെ പരിഷ്ക്കരിച്ച 'ഡെലിഗേഷൻ ഓഫ് പവേഴ്സ്" രേഖ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്. അതുവരെ മേൽപരാമർശിച്ചതൊഴികെയുള്ള കാര്യങ്ങളിൽ നിലവിൽ അനുവദിച്ചിട്ടുള്ള ഡെലിഗേഷന് ഓഫ് പവേഴ്സിന് പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

**ഭരണസമിതിയുടെ ഉത്തരവിൻ പ്രകാരം**
**ഡോ.എ.സക്കീർ ഹുസൈൻ**
**രജിസ്ട്രാർ**

സ്വീകർത്താവ്: എല്ലാ സ്ഥാപന മേധാവികൾക്കും.

പകർപ്പ് : പി.എസ് ടു വി.സി, പി.എ ടു വി.സി, പി.എ ടു രജിസ്ട്രാർ, പി.എ ടു കംപ്ട്രോളർ, ജോയിൻറ് രജിസ്ട്രാർ (ഭരണം-II), അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം-I), അസിസ്റ്റൻറ് രജിസ്ട്രാർ (ജിസി,ഇസി,ആർ.ടി.ഐ. ആൻഡ് ലീഗൽ ), സെക്ഷൻ ഓഫീസർ (ജിഎ-ഇ), സെക്ഷൻ ഓഫീസർ (ജിഎ-ജി) കരുതൽ ശേഖരം.

//ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത്//

സെക്ഷൻ ഓഫീസർ